പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2750** — **20/06/2013 ൽ മറുപടിയ്ക്ക്**

## പോക്കുവരവ് ഓൺലൈനായി നടപ്പാക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റവന്യൂ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണ-ത്തോടുകൂടി പോക്കുവരവ് ഓൺലൈൻ ആയി നടപ്പാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം (റെലിസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ, ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15.09.2011 മുതൽ ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പ്രസ്തുത പദ്ധതിമൂലം താഴെ പറയുന്ന ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.<br>1. RoR (ഭൂരേഖ) എന്ന സാക്ഷ്യപത്രം എപ്പോൾ വേണമെങ്കിലും എവിടെ നിന്നു വേണമെങ്കിലും ലഭ്യമാക്കുന്ന സംവിധാനം സാധ്യമാകുന്നു.<br>2. കമ്പ്യൂട്ടർവൽകൃത നാളതീകരണത്തിലൂടെ ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തി ഓട്ടോമാറ്റിക് പോക്കുവരവ് സാധ്യമാക്കുന്നു.<br>ഈ പദ്ധതി വഴി പോക്കുവരവ് നടപടി സുതാര്യവും വേഗത്തിലും ആക്കുവാൻ കഴിയുന്നു.<br><br>റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്ത-ലുകൾ ഉണ്ടാവുകയും സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്താനും കഴിയുന്നു. ഈ സംവിധാനത്തിലൂടെ ഭൂമി കൈമാറ്റം നടത്തുന്ന വ്യക്തിക്കും, ലഭിക്കുന്ന |

വ്യക്തിയ്ക്കും ഓൺ ലൈൻ സംവിധാനത്തിലൂടെ തങ്ങളുടെ ഭൂമിയിൽ വന്ന മാറ്റങ്ങളുടെ വിവരം അറിയുന്നതിനും, ഭൂനികുതി അടയ്ക്കുന്നതിനുമുള്ള സംവിധാനം ഈ പ്രോഗ്രാമിലൂടെ വിഭാവനം ചെയ്യുന്നു. ഈ സംവിധാനം പൊതുജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും ഒരുപോലെ പ്രയോജന പ്രദമാകും.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും എൻ.ഐ.സി., അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്.

(ഡി) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാർ ഏജൻസിയായ എൻ.ഐ.സിയുടേയും സഹായത്തോടുകൂടി, സ്വതന്ത്ര സോഫ്റ്റ്‌വെയർ സംവിധാനത്തിലാണ് ReLIS Kerala (Revenue Land Information System Kerala) Version 2.0 വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളെ 141 SRO കളുമായി കോർത്തിണക്കിയാണ് ആദ്യഘട്ടത്തിൽ റെലീസ് പദ്ധതി പ്രകാരമുള്ള ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ ഇപ്പോൾ ഓൺലൈൻ പോക്കുവരവ് നടന്നു വരുന്നു.

573 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പോക്കുവരവ് ചട്ടങ്ങളിൽ കാലാനുസൃതമാറ്റം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമ ഭേദഗതിയും, കൂടാതെ ഈ പദ്ധതി എപ്രകാരം നടപ്പിലാക്കണം എന്നത് സംബന്ധിച്ച ഉത്തരവും ഇതിനോടകം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ രജിസ്ട്രേഷൻ ചട്ടങ്ങൾ 1958 -ലെ Rule 30 (A) (4) ആയി ഭൂരേഖ (RoR) ഭൂമി കൈമാറ്റങ്ങൾക്ക് മുൻപ് നിർബന്ധമാക്കുന്ന ഭേദഗതി നിയമം ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്.

സെക്ഷൻ ഓഫീസർ